# തലവേദനയുണ്ടാക്കുന്ന ചോക്കലേറ്റ്

ചിലർക്ക് ചോക്കലേറ്റ് തിന്നു കഴിഞ്ഞാൽ തലവേദനയും തലക്കനവും അനുഭവപ്പെടുന്നു എന്നത് വാസ്തവമാണ്. അതിനു കാരണവും കണ്ടെത്തിയിട്ടുണ്ട്.

ചോക്കലേറ്റിൽ അടങ്ങിയിരിക്കുന്ന വിഷപദാർത്ഥമാണ് ഇതിനു കാരണം. ഫിനൈൽ ഇഥൈൽ അമിൻ എന്നാണ് അതിന്റെ പേര്. ചോക്കലേറ്റിലുള്ള ഈ വിഷപദാർത്ഥത്തെ ദഹിപ്പിക്കുന്ന അമീൻ ഓക്സിഡേസ് എന്ന എൻസൈം ചില മനുഷ്യരിൽ തീരെ കുറഞ്ഞ അളവിലേ ഉത്പാദിപ്പിക്കുന്നുള്ളൂ.

അത്തരക്കാർക്കാണ് ചോക്കലേറ്റ് തിന്നാൽ തലവേദന വരുന്നത്. കാരണം, ഫിനൈൽ ഇഥൈൽ അമീൻ ദഹിപ്പിക്കാനുള്ള ശേഷി അവർക്കില്ലാത്തതുമൂലം ആ വിഷപദാർത്ഥം ശ്വാസകോശത്തിൽ വന്നടിയുന്നു. ശ്വാസകോശത്തിൽ ഈ വിഷവസ്തു എത്തിയാൽ ശ്വാസകോശത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന വാസോ കൺസ്ട്രിക്ടർ എന്ന മറ്റൊരു രാസവസ്തു സ്വതന്ത്രമാകാൻ കാരണമാകും. വാസോ കൺസ്ട്രിക്ടർ രക്തത്തിൽ കലർന്നു കഴിഞ്ഞാൽ രക്തക്കുഴലുകൾ പ്രത്യേകിച്ച് കഴുത്തിലെ രക്തക്കുഴലുകൾ, സങ്കോചിക്കുകയും തലവേദന ഉണ്ടാക്കുകയും ചെയ്യും.